# US PROFILES



## ലീല മാരേട്ട്






# ലീല മാരേട്ട്

## വോട്ടർമാർ ഒപ്പമുണ്ടെന്നതാണ് ധൈര്യം

◉ മീട്ടു റഹ്മത്ത് കലാം

ഒരു സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യുമ്പോൾ അവരുടെ രാഷ്ട്രീയ പാരമ്പര്യവും പ്രവൃത്തിപരിചയവും വോട്ടർമാർ വിലയിരുത്താറുണ്ട്. ഇതിൽ ഏത് വിധത്തിൽ നടത്തുന്ന പരിശോധനയിലും ഫൊക്കാനയുടെ പ്രസിഡന്റാകാൻ അർഹതയും യോഗ്യതയുമുള്ള വ്യക്തിയാണ് ലീലാ മാരേട്ട്. അവരുടെ പിതാവ് എൻ.കെ. തോമസ് ആലപ്പുഴയിൽ നടത്തിയിരുന്ന നാഷണൽ ട്യൂട്ടോറിയൽ കോളജിൽ നിന്നാണ് യു ഡി എഫിലെ ഇന്നത്തെ മുതിർന്ന നേതാക്കൾ രാഷ്ട്രീയത്തിന്റെ ആദ്യാക്ഷരങ്ങൾ സ്വായത്തമാക്കിയത്.



കെ.എസ്.യു സ്ഥാപിച്ച അദ്ദേഹമാണ് ഒരണ സമരത്തിന് വേണ്ട ഒത്താശകൾ ചെയ്തുകൊടുത്തതും നേതൃത്വം വഹിച്ചതും. ഉമ്മൻ ചാണ്ടി, എ.കെ.ആന്റണി, വയലാർ രവി, വി.എം.സുധീരൻ, കെ.സി.വേണുഗോപാൽ ഉൾപ്പെടെയുള്ളവർ കോൺഗ്രസിലേക്ക് ആകൃഷ്ടരാകുന്നതിലും തോമസ് മാഷിന് അനിഷേധ്യമായ പങ്കുണ്ട്. ലീഡർ കെ.കരുണാകരന് വീട്ടിലൊരിക്കൽ, അത്താഴവിരുന്നൊരുക്കിയപ്പോൾ ഒത്തുചേർന്നവർ തമ്മിലുണ്ടായ ചർച്ചയിൽ നിന്നാണ് ലീല മാരേട്ടിനെ തേടി അമേരിക്കയിൽ നിന്ന് കല്യാണാലോചന എത്തുന്നത്. ആ വിവാഹത്തിന് മംഗളാശംസകൾ നേർന്നുകൊണ്ട് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ സന്ദേശം എത്തിയതും ലീല ഓർമ്മിക്കുന്നു. തന്റെ പിതാവും നെഹ്റു കുടുംബവുമായി ഉണ്ടായിരുന്ന ബന്ധമാണ് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐഒസി) കേരളാ ചാപ്റ്ററിന്റെ (യുഎസ്എ ) പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കാൻ പ്രേരിപ്പിച്ചത്. കേരളത്തിലായാലും അമേരിക്കയിലായാലും തോമസ് മാഷിന്റെ മകളുടെ ജീവിതത്തിൽ ജനസേവനം എന്നത് അലിഞ്ഞുചേർന്ന ഒന്നുതന്നെയാണെന്ന് കഴിഞ്ഞ നാലുപതിറ്റാണ്ടുകൾ അടിവരയിടുന്നു...



**അധ്യാപിക, ശാസ്ത്രജ്ഞ,പൊതുപ്രവർത്തക എന്നീ കർമ്മമണ്ഡലങ്ങളിൽ ഏറ്റവും സംതൃപ്തി നൽകിയത് ഏത് മേഖലയാണ്?**

ആലപ്പുഴ സെന്റ് ജോസഫ്സ് കോളജിൽ കെ







മിസ്ട്രി അധ്യാപികയായി ജോലി ചെയ്തിരുന്നപ്പോൾ വിദ്യാർത്ഥികളുടെ പ്രിയപ്പെട്ട അധ്യാപിക ആയിരിക്കണമെന്നത് മാത്രമായിരുന്നു മനസ്സിൽ. പഠനത്തിൽ പിന്നിലായവർക്ക് പ്രത്യേകം ക്ലാസ് എടുക്കുകയും അങ്ങനെ ഏർപ്പെടുന്ന ജോലിയിൽ അങ്ങേയറ്റം ആത്മാർഥത പുലർത്തുന്നതും എന്റെ സ്വഭാവസവിശേഷതയാണ്. 1981- ലാണ് വിവാഹം കഴിഞ്ഞ് അമേരിക്കയിലെത്തുന്നത്.



ന്യൂയോർക്കിൽ പരിസ്ഥിതി സംരക്ഷണമേഖലയിൽ ഏറെക്കാലം ശാസ്ത്രജ്ഞയായി പ്രവർത്തിച്ചു. വടക്കേ അമേരിക്കയിലെ വിവിധ സാമൂഹിക-സാംസ്കാരിക പ്രസ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടാണ് ഞാൻ നേതൃനിരയിലെത്തിയത്. അമേരിക്കയിലെ മലയാളികൾക്കിടയിൽ മാത്രമല്ല, ഇവിടുള്ള ഇന്ത്യക്കാരുമായി നല്ലബന്ധം പുലർത്താൻ സാധിച്ചിട്ടുണ്ട്. സാധാരണക്കാരിൽ തുടങ്ങി സെനറ്റർമാർ, അസംബ്ലി അംഗങ്ങൾ എന്നിവരുമായും അടുത്തിടപഴകുന്നതുകൊണ്ട് കമ്മ്യൂണിറ്റിയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആര് സമീപിച്ചാലും കഴിവിനൊത്തുള്ള സഹായങ്ങൾ ചെയ്യാറുണ്ട്. ഫൊക്കാനയുടെ പ്രസിഡന്റ് എന്ന പദവിയിലെത്തിയാൽ, കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള അവസരം ഉണ്ടാകുമെന്നതുകൊണ്ടാണ് മത്സരക്കളത്തിലിറങ്ങിയത്. കുടുംബപരവും തൊഴില്പരവുമായ ഉത്തരവാദിത്തങ്ങൾ ഭംഗിയായി നിർവ്വഹിച്ച ശേഷം, ജനസേവനത്തിനായി ധാരാളം സമയം ബാക്കിയുണ്ട്. ആരോഗ്യത്തോടെ ഓടിനടക്കാൻ കഴിയുമ്പോൾ മാത്രമല്ലേ അത്തരമൊരു കർമ്മമണ്ഡലത്തിൽ എത്തിയിട്ട് കാര്യമുള്ളൂ. അധ്യാപിക എന്ന നിലയ്ക്കും ശാസ്ത്രജ്ഞ എന്ന നിലയ്ക്കും ഞാൻ സംതൃപ്തയാണ്. പൊതുപ്രവർത്തക എന്ന വിശേഷണം കൂടുതൽ ഭാരിച്ചതാണ്. ഇനിയും ഏറെക്കാര്യങ്ങൾ ചെയ്തുതീർക്കാനുള്ള ആഗ്രഹവുമായാണ് ഈ രംഗത്തുള്ള പ്രയാണം. അതിനുള്ള അവസരം നൽകണമെന്നാണ് പ്രിയപ്പെട്ട വോട്ടർമാരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

**നേതൃനിരയിലേക്ക് വനിത എത്തുന്നതോടു കൂടി ഫൊക്കാനയുടെ മുഖം എങ്ങനെ മാറും?**

ഫൊക്കാനയിൽ വനിതാ ഫോറം തുടങ്ങിയപ്പോൾ തന്നെ നിരവധി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഓർഗൻ ഡോണർ രജിസ്ട്രി, സെമിനാറുകൾ, ഹെൽത്ത് അവയേർനസ് പ്രോഗ്രാമുകൾ എന്നിങ്ങനെ പലതും അതിനുശേഷമാണ് ആരംഭിച്ചത്. അടുത്തിടെ മരണപ്പെട്ട മറിയാമ്മ പിള്ള ഫൊക്കാനയുടെ പ്രസിഡന്റായിരുന്നു. കൂടുതൽ സ്ത്രീകൾ ഇത്തരം സ്ഥാനങ്ങളിലേക്ക് എത്തിച്ചേരണം. ഒരു വനിത മത്സരിക്കുമ്പോൾ സ്ത്രീ വോട്ടർമാരുടെ പ്രതീക്ഷ സ്വാഭാവികമായും കൂടും. നേരിയ വോട്ടിന്റെ വ്യത്യാസത്തിലാണ് അർഹത ഉണ്ടായിരുന്നിട്ടും രണ്ടുതവണ പ്രസിഡൻഷ്യൽ പദവി കൈവിട്ടു




പോയതെന്ന് അറിയാവുന്നതുകൊണ്ടൊരു സഹതാപവും അവർക്കെന്നോടുണ്ട്. സ്ത്രീശാക്തീകരണത്തിന് ഉതകുന്ന ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**ഒന്നിൽ പിഴച്ചാൽ മൂന്നെന്നാണല്ലോ, ഇക്കുറി വിജയം കരഗതമാകുമോ?**

ഫൊക്കാനയുടെ ഭൂരിപക്ഷം വരുന്ന നേതാക്കളുടെയും സംഘടനകളുടെയും പിന്തുണയോടെ മത്സരിക്കുന്നതുകൊണ്ട് വിജയസാധ്യത കൂടുതലാണ്. മറ്റാരും മത്സരരംഗത്ത് ഇല്ലാതിരുന്നതുകൊണ്ട് ഇത്തവണ എതിരില്ലാതെ എന്നെ പ്രസിഡണ്ടായി തിരഞ്ഞെടുക്കുമെന്നായിരുന്നു ആദ്യത്തെ തീരുമാനം.

വിവിധ ഭരണസമിതികളിലായി ഫൊക്കാനയുടെ കമ്മിറ്റി മെമ്പർ മുതൽ റീജിയണൽ പ്രസിഡന്റ്, ട്രഷറർ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, ബോർഡ് ഓഫ് ട്രസ്റ്റി മെമ്പർ, ഇലക്ഷൻ കമ്മിറ്റി മെമ്പർ, വിമൻസ് ഫോറം ദേശീയ കോർഡിനേറ്റർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ളതുകൊണ്ടുതന്നെ എനിക്കതിനുള്ള അർഹതയുണ്ടെന്ന് എല്ലാവർക്കും ഉറപ്പുണ്ട്. നിലവിൽ ഫൊക്കാന കൺവൻഷന്റെ നാഷണൽ കോ-ഓർഡിനേറ്ററാണ്.

നടത്താമെന്ന് പൂർണ്ണബോധ്യമുള്ള കാര്യങ്ങൾ മാത്രമേ ഞാൻ ഏറ്റെടുക്കാറുള്ളു. സ്ഥാനമാനങ്ങൾ മോഹിച്ചാണ് ഞാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നതെന്ന് എന്നെ അറിയുന്ന ആരും പറയില്ല. 2004 ലെ വാശിയേറിയ ഇലക്ഷനിൽ ഫൊക്കാന നാഷണൽ കമ്മിറ്റി അംഗമായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 2006 ൽ തമ്പി ചാക്കോ പാനലിൽ ന്യൂയോർക്ക് റീജിയണൽ പ്രസിഡന്റാകുന്നത് ഒപ്പമുള്ള മറ്റെല്ലാവരും പരാജയപ്പെട്ട സാഹചര്യത്തിലാണ്. ഝാൻസി റാണിയെന്ന് വിളിച്ച് ആർപ്പുവിളികളോടെയാണ് അന്നെന്റെ വിജയത്തെ അവർ വരവേറ്റത്.

ലീല മാരേട്ടിന് വോട്ട് ചെയ്യണമെന്ന് അഭ്യർത്ഥിച്ചാൽ 'ഏത് ലീല' എന്ന് ചോദിക്കുന്ന ഒരു മലയാളിയും ഇവിടെയില്ലെന്ന് എനിക്ക് അഭിമാനത്തോടെ പറയാം. അവരിലൊരാളായി പരിപാടികൾ സംഘടിപ്പിച്ചും പങ്കെടുത്തും അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും പരിഹരിച്ചും നേടിയെടുത്തതാണ് ആ മേൽവിലാസം. കഴിഞ്ഞ ഇരുപത് വർഷങ്ങളിൽ അമേരിക്കയിലും കേരളത്തിലും നടന്ന എല്ലാ കൺവൻഷനുകളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. എതിർസ്ഥാനാർഥി ഫൊക്കാനയുടെ ഒരു കൺവൻഷനെങ്കിലും കണ്ടിട്ടുണ്ടാകുമോ എന്നെനിക്ക് സംശയമുണ്ട്. കാശെറിഞ്ഞാൽ നേടാനാകാത്ത അത്തരം നിരവധി കാര്യങ്ങൾ ഉണ്ടെന്നതാണെന്റെ ധൈര്യം. പ്രവർത്തിച്ചുകാണിച്ചാണ് നേതൃനിരയിലേക്ക് വരേണ്ടത്, വാചകക്കസർത്തിലൂടെ അല്ല.

എന്തുതന്നെ ആയാലും വോട്ടർമാർ വിലയിരുത്തട്ടെ.

**പണമെറിഞ്ഞാൽ ആർക്കും മത്സരിക്കാം എന്നൊരു സ്ഥിതിവിശേഷമുണ്ടെങ്കിൽ അത് മാറേണ്ടതല്ലേ?**

അതേ. വർഷങ്ങളായി സംഘടനയ്ക്കുവേണ്ടി പ്രവർത്തിച്ചവരെ പിന്തള്ളി പെട്ടെന്ന് പൊട്ടിമുളയ്ക്കുന്ന പുത്തൻ പണക്കാർ മത്സരത്തിനിറങ്ങുന്നത് സംഘടനയുടെ അന്തസ്സിന് ചേർന്നതല്ല. ഫൊക്കാന രൂപീകരിച്ചത് അമേരിക്കൻ മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയാണ്. സാധാരണക്കാരുമായി അടുത്ത് ഇടപഴകുന്നവർക്കേ അവരുടെ ബുദ്ധിമുട്ടുകൾ കണ്ടറിഞ്ഞ് വേണ്ടത് ചെയ്യാൻ സാധിക്കൂ.

സ്ഥാനമാനങ്ങൾ മോഹിച്ചെത്തുന്നവർ അതിനോട് നീതി പുലർത്തുമെന്ന് ഞാൻ കരുതുന്നില്ല. മത്സരാർത്ഥി ആക്കുന്നതിനുള്ള മാനദണ്ഡം അർഹത അടിസ്ഥാനപ്പെടുത്തി ഭാവിയിലെങ്കിലും പരിഷ്കരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

**പൊതുപ്രവർത്തനരംഗത്ത് വഹിച്ച പദവികൾ?**

അമേരിക്കയിലെ ആദ്യത്തെ കേരള സംഘടനയായ കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന്റെ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാനായും പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യ കാത്തലിക് അസോസിയേഷന്റെ പ്രസിഡന്റ് സ്ഥാനവും വഹിച്ചിരുന്നു. ഫൊക്കാന ന്യൂയോർക്ക് റീജിയന്റെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. വുമൺസ് ഓർഗനൈസിംഗ് കമ്മിറ്റി ലോക്കൽ 375-ന്റെ കോ-ചെയറായിരുന്നു. ഏഷ്യൻ പസഫിക് ലേബർ അലയൻസ് എക്സിക്യൂട്ടീവ് അംഗം, സൗത്ത് ഏഷ്യൻ ഓർഗനൈസേഷൻ ഓഫ് പൊളിറ്റിക്കൽ പ്രോഗ്രസിന്റെ ട്രഷറർ, ന്യൂ അമേരിക്കൻ ഡെമോക്രാറ്റിക് ക്ലബ്ബിന്റെ ബോർഡ് അംഗം എന്നീ നിലകളിലും അനുഭവപരിചയമുണ്ട്. ലോക്കൽ 375-ന്റെ നിലവിലെ റെക്കോർഡിംഗ് സെക്രട്ടറിയും ഫൊക്കാന വുമൺസ് ഫോറം നാഷണൽ കോ-ഓർഡിനേറ്ററുമാണ്.

**കോൺഗ്രസ് അനുഭാവം പുലർത്തുന്നതുകൊണ്ട് മറ്റു രാഷ്ട്രീയ പാർട്ടിയിൽ നിന്നുള്ളവരുടെ എതിർപ്പുണ്ടോ?**


പലർക്കും അങ്ങനൊരു സംശയം തോന്നാം. കേരളത്തിൽ ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പ് പ്രചാരണത്തിലടക്കം യു ഡി എഫിന് വേണ്ടി സജീവമായി പങ്കെടുത്തതുകൊണ്ട് അങ്ങനൊരു ധാരണ സ്വാഭാവികമാണ്. എന്നാൽ, അമേരിക്ക സന്ദർശിക്കുമ്പോൾ എന്റെ വീട്ടിൽ വരുന്നവരുടെ രാഷ്ട്രീയ പാർട്ടി ഏതാണെന്ന് ഞാൻ നോക്കില്ലെന്നതാണ് സത്യം. ഇടതുപക്ഷത്തിലെ പലരുമായും വളരെ അടുത്ത ബന്ധമാണെനിക്കുള്ളത്. എന്റെ പാചകത്തെ പുണ്യത്തെ പ്രകീർത്തിച്ചവരിൽ ഞാൻ ഏറ്റവും വിലമതിക്കുന്നതുപോലും അത്തരത്തിലൊരാളുടേതാണ്. കെ.കെ. ശൈലജ ടീച്ചർ എന്നോട് പറഞ്ഞത് അമേരിക്കയിൽ വന്നിട്ട് ഇത്രയും രുചികരമായ ഭക്ഷണം കഴിച്ചിട്ടില്ലെന്നാണ്. ഭക്ഷണത്തിലൂടെ ഒരാളുടെ ഹൃദയത്തിൽ ഇടം നേടാമെന്ന് പറയുന്നത് സത്യമാണെങ്കിൽ ഒട്ടനവധി ആളുകളുടെ ഹൃദയത്തിൽ എനിക്ക് സ്ഥാനമുണ്ട്. ഞാൻ മുൻപ് പറഞ്ഞതുപോലെ, ഏത് കാര്യം ചെയ്യുമ്പോഴും നൂറ് ശതമാനം അതിൽ അർപ്പിക്കുന്നതാണ് എന്റെ രീതി. അത് കൃഷിയിലായാലും പാചകത്തിലായാലും പൊതുപ്രവർത്തനത്തിലായാലും അങ്ങനെ തന്നെയാണ്. എല്ലാത്തിലും കൃത്യമായൊരു രസതന്ത്രമുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്.




**സംതൃപ്തി തോന്നിയ പ്രവർത്തനങ്ങളും ഭാവിപരിപാടികളും?**

സ്വാതന്ത്ര്യദിന പരേഡിൽ ഫൊക്കാനയുടെ പ്രൗഢി നിലനിർത്താൻ രണ്ടുപ്രാവശ്യം ഫ്ളോട്ടുകൾ ഇറക്കി. ഇന്ത്യൻ കോൺസുലേറ്റിൽ കേരളപിറവി ആഘോഷിച്ചു. ഏഷ്യൻ ഹെറിറ്റേജ്, സിറ്റി ഹാളിൽ ദീപാവലി ചടങ്ങുകൾ, രാഷ്ട്രീയ ഫണ്ട് ശേഖരണം തുടങ്ങി നിരവധി പൊതു പരിപാടികൾ സംഘടിപ്പിച്ചു.വനിതാ സംഘാടക സമിതിക്കുള്ള പരിശീലന സ്കൂളിൽ ചേർന്ന് AFSCME പോലുള്ള തൊഴിലാളികളുടെ വിവിധ വനിതാ സമ്മേളനങ്ങളിൽ പങ്കെടുത്തത് വലിയൊരു അനുഭവമാണ്.

കുട്ടികളുടെ കലാഭിരുചി പ്രോത്സാഹിപ്പിക്കാൻ യുവജനോത്സവം സംഘടിപ്പിച്ചു. ഐസി ക്യാമ്പുകൾ നടത്താനും ഇന്ത്യൻ കോൺസുലേറ്റ് വഴി പാസ്പോർട്ട് ലഭിക്കുന്നതിന് നിരവധി പേരെ സഹായിക്കാനും സാധിച്ചിട്ടുണ്ട്. കോവിഡ് കാലത്തും നിരവധി ക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. വിവിധ മേഖലകളിൽ കോവിഡ് ടെസ്റ്റ് കിറ്റുകളും മാസ്കുകളും സാനിറ്റൈസറുകളും വിതരണം ചെയ്തു.




കേരളത്തിലെ നിർധനർക്ക് പത്ത് വീടുകൾ നിർമ്മിച്ചുനൽകി. ആലപ്പുഴക്കാരി ആയതുകൊണ്ടുതന്നെ കുട്ടനാട്ടിലെ കർഷകരെയും മത്സ്യബന്ധന തൊഴിലാളികളെയും സഹായിക്കുന്ന ചില പദ്ധതികൾ നടപ്പാക്കാൻ ആഗ്രഹമുണ്ട്.



നിർധന യുവതികളുടെ വിവാഹം നടത്താനും ആലോചിക്കുന്നുണ്ട്. അമേരിക്കൻ മലയാളികളായ യുവാക്കളെ രാജ്യത്തെ മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് കൈപിടിച്ചുകൊണ്ടുവരാനും ഉദ്ദേശിക്കുന്നു.